ഉത്തരം

(എ) കോഴിക്കോട് ജില്ലയുടെ ജോലികൾ മാത്രമാണ് പൂർത്തീകരിക്കുവാനുള്ളത്.

(ബി) കാസർഗോഡ്, വയനാട്, പാലക്കാട്, എറണാകുളം, ഇടുക്കി, കോട്ടയം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം എന്നീ ജില്ലകളിലെ സെൻസസ് റിപ്പോർട്ട് എൻ.ഐ.സി. പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്.

സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം

45 (4080) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. ലൂഡി ലൂയിസ് :
ശ്രീ. എ. റ്റി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സാമ്പത്തിക സ്ഥിതിവിവര കണക്ക് വിഭാഗം ശക്തിപ്പെടുത്തുന്നതിനുള്ള പരിപാടിക്ക് രൂപം നൽകിയിട്ടുണ്ടോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത് ;

(സി) ആരെല്ലാമാണ് പ്രസ്തുത പരിപാടിയുമായി സഹകരിക്കുന്നത് ;

(ഡി) പ്രസ്തുത പരിപാടി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) സ്റ്റേറ്റ് സ്ട്രാറ്റജിക് സ്റ്റാറ്റിസ്റ്റിക്കൽ പ്ലാൻ വിവരസാങ്കേതിക വിനിമയ സങ്കേതങ്ങൾ ശക്തിപ്പെടുത്തി വിവരശേഖരണവും വിവരം നൽകലും കാര്യക്ഷമവും കുറ്റമറ്റതും വേഗത്തിലും നൽകുന്നതിനാണ് ഈ പദ്ധതി പ്രധാനമായും ഊന്നൽ നൽകുന്നത്. കൂടാതെ, ഈ പദ്ധതിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും കപ്പാസിറ്റി ബിൽഡിംഗിനും വിവിധ മേഖലകളുമായി ബന്ധപ്പെട്ട സർവ്വെകൾ എന്നിവയ്ക്കും പ്രാധാന്യം നൽകിയിട്ടുമുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) മേൽപ്പറഞ്ഞ രണ്ട് പദ്ധതികളും സെൻട്രൽ സ്റ്റാസ്റ്റിക്സ് ആഫീസിന്റെ നിർദ്ദേശപ്രകാരമാണ് സാമ്പത്തികസ്ഥിതിവിവരക്കണക്ക് വകുപ്പ് നടപ്പിലാക്കുന്നത്.

(ഡി)

(i) സ്റ്റേറ്റ് സ്റ്റാറ്റിസ്റ്റിക്കൽ കമ്മീഷൻ രൂപീകരിച്ച കമ്മീഷന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും അതോറിറ്റിയെ സംബന്ധിച്ചും ചെയർമാന്റെയും മെമ്പേഴ്സിന്റെയും സേവന വേതന വ്യവസ്ഥകളെ സംബന്ധിച്ചും ഉത്തരവായിട്ടുണ്ട്.

(ii) ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയും വിദഗ്ധ സമിതികളും സർക്കാർ രൂപീകരിക്കുകയും അവയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(iii) കെ.എസ്.എസ്.പി. റിപ്പോർട്ടിൽ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ എക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിലെ ഡയറക്ടർ തസ്തിക ഡയറക്ടർ ജനറലായി അപ്ഗ്രേഡ് ചെയ്യും ഡയറക്ടർ (എസ്.ഡി.പി.) ഡയറക്ടർ (എസ്.ഡി.ആർ.റ്റി), ഒരു അഡീഷണൽ ഡയറക്ടർ എന്നീ തസ്തികകൾ പുതുതായി സൃഷ്ടിച്ചുകൊണ്ട് സാമ്പത്തിക സ്ഥിതിവിവര കണക്ക് വകുപ്പിനെ പുനഃസംഘടിപ്പിച്ചിട്ടുണ്ട്.

(iv) വകുപ്പിലെ എല്ലാ വിഭാഗം ജീവനക്കാർക്കും ആവശ്യമായ പരിശീലനം നൽകുന്നതിനായി ട്രെയിനിംഗ് & റിസർച്ച്ഇൻസ്റ്റിറ്റ്യൂട്ട് (SASA) നിർമ്മാണത്തിന് പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കട്ടയ്ക്കോട് പ്രവർത്തിക്കുന്ന വിഗ്യാൻ കോളേജ് ഓഫ് അപ്ലൈഡ് സയൻസിന്റെ ഒരേക്കർ സ്ഥലം സർക്കാരിന് കൈമാറുന്നതിനായി ഭൂമി അളന്ന് തിട്ടപ്പെടുത്തുന്നതിനും ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ പേരിൽ ആക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ട്.

(v) കേഡർ സ്ട്രക്ചർ &പേഴ്സണൽ മാനേജ്മെന്റ് വർക്ക് സ്റ്റഡി നടത്തുന്നതിനായി സെൻട്രൽ ഫോർ മാനേജ്മെന്റ് ഡവലപ്മെന്റ് ഡയറക്ടറും ഡയറക്ടർ ജനറലുമായി 11-3-2014-ന് കരാർ ഒപ്പുവയ്ക്കുകയും വർക്ക് സ്റ്റഡിയുടെ പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(vi) വകുപ്പിന്റെ കീഴിലുള്ള വിവിധ ഓഫീസുകളിലെ നിലവിലെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫർണിച്ചറുകൾ വാങ്ങുകയും ഐ.സിറ്റി. ഇൻഫ്രാസ്ട്രക്ചർ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വർക്ക് സ്റ്റേഷൻ നിർമ്മിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly

(vii) Local Level Planning മായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി LSGD സെക്രട്ടറി ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

(viii) ജൻഡർ സ്റ്റാറ്റിസ്റ്റിക്സിനെ സംബന്ധിച്ച് ഒരു സംസ്ഥാനതല വർക്ക് ഷോപ്പും അറുശാലകളുടെ പ്രവർത്തനത്തെ സംബന്ധിച്ചുള്ള ഒരു സർവ്വെയും നടപ്പിലാക്കിയിട്ടുണ്ട്.

(ix) 13-ാം ധനകാര്യകമ്മീഷന്റെ ധനസഹായത്തോടെ ജില്ലകളുടെ ബിസിനസ്സ് രജിസ്റ്റർ തയ്യാറാക്കൽ, വകുപ്പിന്റെ നെറ്റ് വർക്കിംഗ് സിസ്റ്റം ശക്തിപ്പെടുത്തൽ, തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ വാർഷിക ധനകാര്യ സ്റ്റേറ്റമെന്റ് ശേഖരിക്കൽ, NSS ഡേറ്റ പൂൾ ചെയ്യുന്നതിനുള്ള നടപടികൾ, ഫാം ആക്ടിവിറ്റിയിൽ ഉൾപ്പെടുത്തി കൃഷി ചെലവ് സർവ്വേ, ഹോർട്ടികൾച്ചർ സർവ്വേ, അപൂർവ്വ വിളകളെക്കുറിച്ചുള്ള സർവ്വേ എന്നീ പ്രവർത്തനങ്ങൾ പ്രസ്തുത കാലയളവിൽ നടത്തിയിട്ടുണ്ട്.

കൊയിലാണ്ടി നിയോജക മണ്ഡലത്തിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

46 (4081) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

2011-12, 2012-13, 2013-14, 2014-15 വർഷങ്ങളിൽ കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ നടപ്പാക്കിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാം ; ആയത് നടപ്പാക്കിയിട്ടുള്ളത് ഏതെല്ലാം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ; ഓരോ പ്രവൃത്തിക്കും അനുവദിച്ച എ.എസ്. തുക എത്ര ; വർഷം തിരിച്ച് വിശദാംശം വ്യക്തമാക്കുമോ ?

ഉത്തരം

വിവരങ്ങൾ ശേഖരിച്ചുവരുന്നു.

വിദ്യാഭ്യാസ വായ്പ

47 (4082) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

വിദ്യാഭ്യാസ വായ്പയുമായി ബന്ധപ്പെട്ട മാർഗ്ഗനിർദ്ദേശങ്ങൾ വിശദമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly